**ഭരണഭാഷ-മാതൃഭാഷ**

നമ്പർ: **DDP-MPM/711/2020-D10 Ldis.**

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം, സിവിൽ സ്റ്റേഷൻ, മലപ്പുറം,

ഇമെയിൽ :ddpmlp.dop.lsgd@kerala.gov.in

ddpmlpm@gmail.com

ഫോൺ:0483 2734838.

തീയ്യതി:**13/03/2020**

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

**എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും.**

സർ,

വിഷയം:- മലപ്പുറം ജില്ല-All Kerala Wheelchair Rights association ന്റെ നിവേദനം -നിർദ്ദേശം നൽകുന്നത്-സംബന്ധിച്ച്

സൂചന :- All Kerala Wheelchair Rights association ഈ കാര്യാലയത്തിൽ 10/03/2020 ന് സമർപ്പിച്ച നിവേദനം.

-----------------------------------------

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഭൂരിപക്ഷം ഗ്രാമപഞ്ചായത്തുകളും ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക ഗ്രാമസഭകളും ഇവർക്കായുള്ള കലോത്സവങ്ങളും മാനസിക വളർച്ചക്കുറവുള്ള (MR) കുട്ടികളുടെ രക്ഷിതാക്കളുടെ സംഘടനയായ **"പരിവാറിൽ"** അംഗത്തമുള്ളയാളുകളെ മാത്രം കേന്ദ്രീകരിച്ചാണ് സംഘടിപ്പിക്കുന്നതെന്നും ആയതിനാൽ മറ്റു വിഭാഗത്തിൽ പെട്ട ഭിന്നശേഷിക്കാർക്ക് ആനുകൂല്യങ്ങൾ നേടിയെടുക്കാനും പരിപാടികളിൽ പങ്കെടുക്കാനും സാധിക്കുന്നില്ലെന്ന് സൂചന പ്രകാരം പരാതിപെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും ഭിന്നശേഷിക്കാർക്കായുള്ള ഗ്രാമസഭ, കലോത്സവങ്ങൾ, മറ്റു പരിപാടികൾ എന്നിവയിൽ എല്ലാ വിഭാഗത്തിൽപെട്ട ഭിന്നശേഷിക്കാരേയും പങ്കാളികളാക്കാനുള്ള നടപടികൾ ഉറപ്പുവരുത്താൻ നിർദ്ദേശിക്കുന്നു . ഒരു പ്രത്യേക സംഘടനയെ മാത്രം വിവരം അറിയിക്കുന്ന രീതി ഒഴിവാക്കേണ്ടതാണ്. ഇത്തരം ഗ്രാമ സഭ കലോത്സവങ്ങൾ, മറ്റുപരിപാടികൾ എന്നിവയുടെ വേദി തിരഞ്ഞെടുക്കുന്ന അവസരത്തിൽ എല്ലാ വിഭാഗത്തിൽ പെട്ട ഭിന്നശേഷിക്കാർക്കും അഭിഗമ്യമായ (Accessable) സ്ഥലത്തായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കും മറ്റും സ്കോളർഷിപ്പ്, ധനസഹായം, യാത്രാ ബത്ത എന്നിവ നൽകാനായി പദ്ധതിക്ക് തുക വകയിരുത്തുന്ന

അവസരത്തിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ ഭിന്നശേഷിക്കാർക്കും സഹായം നൽകാൻ മതിയായ തുക വകയിരുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിശ്വാസപൂർവം,

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

പകർപ്പ്:

1) Shifa, Marnchery P O, 679581, Malappuram District.

akwrfederation@gmail.com, lysbinmohd@gmail.com, rajeevpalluruthy82@gmail.com (അപേക്ഷ സംബന്ധിച്ച നിർദ്ദേശം ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് കൈമാറിയ വിവരം അറിയിക്കുന്നതിന്)

2) എല്ലാ പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർ മാർക്കും( അറിവിലേക്കായി)

2)കരുതൽ/അധികം.

ഡി10-11/03/2020-10:52:27.

OFFICE OF THE DEPUTY DIRECTOR OF PANCHAYATH * MALAPPURAM *
Date ....